പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 61 — 6.9.07-ൽ മറുപടിയ്ക്ക്

**അശരണരായ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ.എ.പി.അനിൽകുമാർ: | | **ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** | |
| (എ) | മക്കൾ നോക്കാനില്ലാത്തതു മൂലം കഷ്ടതയനുഭവിക്കുന്ന എത്ര വൃദ്ധമാതാപിതാക്കൾ സംസ്ഥാനത്തുണ്ട്; | (എ) | ഇക്കാര്യത്തിൽ വ്യക്തമായ വിവരം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഇതിന് മുൻപ് സർവ്വേകളോ, കണക്കെടുപ്പോ നടന്നിട്ടില്ല. |
| (ബി) | അവരെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട്; | (ബി) | വയോജനങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 152 വൃദ്ധ സദനങ്ങൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകി വരുന്നു. ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ സംയോജിത വയോജന പരിപാടി അനുസരിച്ച് വൃദ്ധസദനങ്ങൾ, വൃദ്ധർക്കു വേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ, മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകുന്നു. ആരും സംരക്ഷിക്കുവാനില്ലാത്ത വയോജനങ്ങൾക്കായി വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഓരോ ബ്ലോക്ക് പഞ്ചായത്തിലും പാവപ്പെട്ടവർക്കു |

വേണ്ടി വൃദ്ധസദനം സ്ഥാപിക്കുന്നതിനും നിലവിലുള്ള വൃദ്ധമന്ദിരങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളെ പ്രോസിക്യൂട്ട് ചെയ്യുവാൻ ഉദ്ദേശമുണ്ടോ? | (സി) | ജീവസന്ധാരണത്തിന് സ്വന്തം നിലയിൽ മാർഗ്ഗമില്ലാത്ത മാതാപിതാക്കളെ പരിചരിക്കുന്നതിന് അവരുടെ വേണ്ടത്ര വരുമാനമുള്ള മക്കളെ ബാധ്യസ്ഥരാക്കുന്ന ക്രിമിനൽ നടപടിക്രമം 1973-ലെ 125-ാം വകുപ്പ് പ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നതാണെന്നും വൃദ്ധമാതാപിതാക്കളുടെ പരിപാലനം, സംരക്ഷണം, പരിരക്ഷ എന്നിവ നിർബന്ധമായും മക്കളുടെ കർത്തവ്യമാക്കിക്കൊണ്ട് പാർലമെന്റിന്റെ മുന്നിലുള്ള ബിൽ നിയമമാകുന്ന മുറയ്ക്ക് അത് കേരളത്തിൽ സത്വരമായി നടപ്പിലാക്കുന്നതാണെന്നും സംസ്ഥാന വയോജന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62 6-9-2007-ൽ മറുപടിക്ക്

നഗരമാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) നഗരമാലിന്യ സംസ്കരണ ത്തിന് മാലിന്യങ്ങളുടെ ഉറ വിടത്തിൽ തന്നെ സംവി ധാനം ഉണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയത്തിന്റെ 2000-ാം മാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യ ലും) ചട്ടങ്ങൾ പ്രകാരം ഒരു കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുവാനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളോട് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാലിന്യ പ്രശ്നം രൂക്ഷമായ നഗരസ ഭകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികൾ കൂടി അവലം ബിക്കുവാൻ പ്രോത്സാഹനം നൽ കിവരുന്നു. വീടുകളിൽ ചെയ്യാ വുന്ന മണ്ണിര കമ്പോസ്റ്റ്, ബയോ ഗ്യാസ് നിർമ്മാണം, സ്ഥാപനങ്ങ ൾ, കല്യാണമണ്ഡപങ്ങൾ, മാർക്ക |

റ്, അറവുശാലകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയാണ് ഇത്തരത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്നത്.

ബി നഗരങ്ങളിലെ സ്ഥാപനങ്ങൾക്കും വീടുകൾക്കും അവയുടെ കോമ്പൗണ്ടിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനം നിശ്ചിതപരിധിക്കുള്ളിൽ ഉണ്ടാക്കുവാൻ നിർദ്ദേശം നൽകുമോ; അതിനാവശ്യമായ സഹായങ്ങളും നൽകുമോ;

ബി വർദ്ധിച്ച തോതിൽ മാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും കെട്ടിടസമുച്ചയങ്ങൾക്കും അവയുടെ കോമ്പൗണ്ടിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം നിശ്ചിതപരിധിക്കുള്ളിൽ ഉണ്ടാക്കുവാൻ നിർദ്ദേശിക്കും. എന്നാൽ പുതുതായി നിർമ്മിക്കുന്ന വൻകിട ഫ്ലാറ്റുകൾക്കും സ്ഥാപനങ്ങൾക്കും അവിടെ ഉൽപാദിപ്പിക്കുന്ന ഖരദ്രവമാലിന്യ പരിപാലനത്തിന് സംവിധാനം ഉൾപ്പെടുത്തണമെന്ന് പരിഷ്കരിക്കുന്ന കെട്ടിട നിർമ്മാണ ചട്ടത്തിൽ നിഷ്കർഷിക്കാൻ ഉദ്ദേശിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ സംസ്കരണ സംവിധാനം ഒരുക്കു

ന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്.

സി മാലിന്യക്കൂമ്പാരങ്ങളും അശാസ്ത്രീയ സംസ്കരണ രീതികളും വൻ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

സി കേരളത്തിന്റെ പ്രത്യേകമായി സാഹചര്യം കണക്കിലെടുത്ത് മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷിച്ച് നടപ്പിലാക്കിയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ അതേപടി പ്രാവർത്തികമാക്കാൻ വർദ്ധിച്ച തോതിലുള്ള സ്ഥലം അനിവാര്യമാണ്. നഗരപ്രദേശങ്ങളിലും, ഗ്രാമപഞ്ചായത്തുകളിലും മാലിന്യ സംസ്കരണത്തിന് സ്ഥലം ലഭ്യമാക്കുക വളരെ ദുഷ്കരമായ പ്രവർത്തിയാണ്. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലൂടെ കേന്ദ്രീകൃത സംസ്കരണശാലക്കുവേണ്ട സ്ഥലം പരമാവധി കുറയ്ക്കാവാനും പരിസരമലിനീകരണം ലഘൂകരിക്കാവുന്നതുമാണ്. ഇതിനായുള്ള അവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തികൾക്ക് രൂപം നൽകി.

1) 2006 ഒക്ടോബർ 2 മുതൽ മാലിന്യ മുക്ത കേരളം പരിപാടി തുടക്കം കുറിച്ചു.

2) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നതിന്റെ പടിയായി മാലിന്യ സർവ്വേയും കരട് സമീപന രേഖയും തയ്യാറാക്കി.

3) 14 ജില്ലകളിലും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

4) പാഴ്‌വസ്തുക്കളുടെ പരിപാലനം എന്ന കൈപുസ്തകം തയ്യാറാക്കി വികേന്ദ്രീകരണ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു.

5) ബെസ്റ്റ് പ്രാക്ടീസ് ഉൾപ്പെടുത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് ക്ലീൻ കേരള മിഷൻ വെബ്സൈറ്റിന് രൂപം നൽകി.

6) 'ശുചിത്വ കേരളം സുന്ദര കേരളം' എന്ന ആശയം പ്രചരിപ്പിക്കുന്നതിനും. 'മനോഭാവ-ശീല'മാറ്റങ്ങൾക്കുമായി ഒന്നു മുതൽ പത്തു

വരെ ക്ലാസ്സുകളിലെ സ്കൂൾ കുട്ടികൾക്കുവേണ്ടി ഒരു കരിക്കുലം തയ്യാറാക്കുകയും അതിന് കരിക്കുലം കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.

7) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി | കുടുംബശ്രീ പ്രവർത്തകർ മുഖേന വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന സമ്പ്രദായം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി | കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയത്തിന്റെ 2000-ാം മാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിച്ച് ശേഖരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കികഴിഞ്ഞ 23 നഗരസഭകളിലും തരം |

തിരിച്ചുള്ള മാലിന്യ ശേഖരണം നട
ത്തുന്നതിനായി കുടുംബശ്രീയൂണി
റ്റുകൾ ഉൾപ്പടെയുള്ള സംവിധാന
മാണ് ഉപയോഗിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.63 — 06.09.2007-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.എം.എ.സലാം<br>ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് 11 ജില്ലകളിലായി ഏകദേശം 1413 പദ്ധതികൾ പൂർത്തീകരിക്കാനുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2004-2005-ലെ ആഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട് |
| (സി) | സംസ്ഥാനത്തൊട്ടാകെ എത്ര ഗ്രാമ പഞ്ചായത്തുകളിലാണ് പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | മിക്കവാറും എല്ലാ പഞ്ചായത്തുകളിലും സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്. |
| (ഡി) | പൂർത്തീകരിക്കാനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സ്പിൽ ഓവർ വർക്കുകൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്തു തീർക്കുവാനും കരാറുകാർ ഉപേക്ഷിച്ചുപോയ വർക്കുകൾ മുൻകരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും ചെയ്തു തീർക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ
ആറാം സമ്മേളനം

| | | |
|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64 | | 06-09-2007 -ൽ മറുപടിയ്ക്ക് |
| സമ്പൂർണ്ണ വികലാംഗ പുനരധിവാസ പദ്ധതി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. രാജാജി മാത്യു തോമസ്:<br>" എൻ. രാജൻ:<br>ശ്രീമതി.ഇ.എസ്. ബിജി മോൾ:<br>ശ്രീ. കെ. അജിത്:<br>ശ്രീ. എൻ. അനിരുദ്ധൻ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വികലാംഗ പുനരധിവാസ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ആരംഭിച്ചത്; | (എ) 4.08.2007 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(P)42/07/SWD പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സമ്പൂർണ്ണ വികലാംഗ പുനരധിവാസ പദ്ധതി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ഇതുവരെ എത്ര രൂപയുടെ സഹായം ലഭിച്ചു; | (ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും 2,57,10,000/- രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം ലഭിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത്. | (സി) പരിശീലകർക്ക് പരിശീലനം, സ്റ്റേഷനറി എന്നിവയ്ക്കായി 2001-2002 ൽ 88,047/- രൂപയും , ഫർണിച്ചർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, പ്രോജക്ട് നിർമ്മാണം മുതലായവയ്ക്കായി 2003-2004, 2004-2005, 2005-06 എന്നി വർഷങ്ങളിൽ യഥാക്രമം 6,316/- രൂപ, 411/- രൂപ, 14,872/- രൂപയും അടക്കം മൊത്തം 1,09, 646/- (ഒരു ലക്ഷത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി നാല്പത്താറ് രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? | (ഡി) കേന്ദ്ര സർക്കാർ എൻ.പി.ആർ.പി.ഡി. പദ്ധതി കേരളത്തിലെ രണ്ട് ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 2.571 കോടി രൂപ മൂന്നു ഘട്ടമായി അനുവദിക്കുകയുണ്ടായി |

| | | | |
|---|---|---|---|
| | | | (3-04-2001 ൽ - 1,36,40,000/- രൂപ,<br>07-03-2002-ൽ<br>1,08,20,000/- രൂപ, 31-05-2002ൽ<br>12,50,000 രൂപ) പദ്ധതി<br>നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന<br>നിലയിൽ 2001-02 ൽ പരിശീലകർക്ക്<br>പരിശീലനം നൽകുകയുണ്ടായി. ഈ<br>സർക്കാർ അധികാരമേറ്റതിനുശേഷം, ഈ<br>പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്<br>നില നിന്നിരുന്ന തടസ്സങ്ങൾ ഒഴിവാക്കുകയും<br>4.08.2007 ലെ സർക്കാർ ഉത്തരവ് നമ്പർ<br>G.O.(P)42/07/SWD പ്രകാരം സമ്പൂർണ്ണ<br>വികലാംഗ പുനരധിവാസ പദ്ധതി സംസ്ഥാന<br>വികലാംഗ ക്ഷേമ കോർപ്പറേഷനെ നോഡൽ<br>ഏജൻസിയാക്കിക്കൊണ്ട്<br>നടപ്പിലാക്കുന്നതിന് ഉത്തരവ്<br>പുറപ്പെടുവിക്കുകയും ചെയ്തു.<br>സംസ്ഥാനതല നടത്തിപ്പ് സമിതിയുടെ<br>ആദ്യയോഗം 20-8-2007ന് ചേരുകയും<br>പ്രസ്തുത പദ്ധതിയുടെ വിജയകരമായ<br>നടത്തിപ്പിനായി വകുപ്പ് തിരിച്ച്<br>ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും<br>ചെയ്തു. പദ്ധതിയുടെ ഔപചാരിക<br>ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ഈ മാസം<br>പാലക്കാട് വച്ച് നടത്താനാണ്<br>നിശ്ചയിച്ചിട്ടുള്ളത്. അതിനു മുൻപായി<br>ജില്ലാതല നടത്തിപ്പു സമിതികൾ യോഗം<br>ചേരണമെന്ന് ജില്ലാ കളക്ടർമാരെയും, ജില്ലാ<br>പഞ്ചായത്തുകളേയും അറിയിച്ചിട്ടുണ്ട്.<br>പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ<br>തയ്യാറാക്കി മൂന്നു ജില്ലകൾക്കും<br>നല്കുകയുംചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ആറാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T 65 6.9.2007-ൽ മറുപടിക്ക് |
|---|

## പഴം, പച്ചക്കറികൾ, മത്സ്യം എന്നിവയിലെ രാസവസ്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജോർജ്ജ് എം തോമസ്<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ.ടി. ജലീൽ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവുംവകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പഴവർഗ്ഗങ്ങൾ ആകർഷകമാക്കുന്നതിന് അവയിൽ മെഴുകും അതുപോലുള്ള രാസവസ്തുക്കളും കലർത്തി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ അതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങൾ മായം ചേർക്കൽ നിരോധന നിയമത്തിൻകീഴിൽ പരിശോധന നടത്തിവരുന്നു. ഇതിനായി സംസ്ഥാനത്ത് 60 സർക്കിളുകളിലായി 60 ഫുഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് റീജിയനുകളിലായി ഓരോ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. മായം ചേർക്കൽ നിരോധന നിയമത്തിൻ കീഴിൽ ശേഖരിക്കുന്ന സാമ്പിളുകൾ എറണാകുളം, തിരുവനന്തപുരം,കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ അത്യാധുനിക സംവിധാനങ്ങളോടെയുള്ള ലബോറട്ടറികളിൽ രാസ പരിശോധന നടത്തിവരുന്നു.<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വിൽപ്പനക്കായി എത്തുന്ന പഴവർഗ്ഗങ്ങൾ നിയമാനുസരണം ശേഖരിച്ച് പരിശോധിക്കുകയും ഇവയിൽ രാസപദാർത്ഥത്തിന്റെ അളവ് കൂടുതലായി കാണുന്ന പക്ഷം പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ ആക്ടിന്റെ പരിധിയിൽ നിന്ന്കൊണ്ട് ക്രിമിനൽ കേസ് ഫയൽ ചെയ്ത് വരികയും ചെയ്യുന്നു. |

| | |
|---|---|
| (സി) ആപ്പിളിലും മറ്റും അനുവദനീയമായ മെഴുകാണ് പുരട്ടുന്നതെന്ന കച്ചവടക്കാരുടെ വാദം അംഗീകരിക്കുന്നുണ്ടോ; | (സി) 29.12.06 ന് പരിഷ്കരിച്ച മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് പഴ വർഗ്ഗങ്ങളുടെ തനിമ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനായി ആരോഗ്യത്തിന് ഹാനികരമല്ലാത്തതും, പ്രകൃതിജന്യവുമായ ബീവാക്സ്, കാർബൺവാക്സ് എന്നിവ നിയന്ത്രിതമായ അളവിൽ ചേർക്കാവുന്നതാണ്. (Sub Rule 222 (23) of Rule 42 of PFA Rules) എന്നാൽ ഇത്തരത്തിൽ ഉപയോഗിക്കുന്ന വാക്സ് ഏതാണെന്ന് ലേബലിൽ പ്രത്യേകം പറഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) പഴം, പച്ചക്കറികൾ,മത്സ്യം എന്നിവ കേടാകാതിരിക്കുവാൻ ആരോഗ്യത്തിന് ഹാനികരമായ രാസ വസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | (സി) പഴം, പച്ചക്കറികൾ, മത്സ്യം എന്നിവയുടെ സാമ്പിളുകൾ കൃത്യമായി എടുത്ത് പരിശോധിക്കുകയും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 66 — 06.09.2007 ൽ മറുപടിയ്ക്ക്

## കൈമാറിയ അധികാരവും പദ്ധതികളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെല്ലാം പദ്ധതികളും അധികാരങ്ങളുമാണ് കൈമാറിയിട്ടുള്ളത്; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളും അധികാരങ്ങളും വിശദമാക്കുന്ന പട്ടിക 18.9.95 ലെ സ.ഉ(അ)നം.189/95/തസ്വഭവ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) കൈമാറിയ അധികാരങ്ങളിലും പദ്ധതികളിലും ഏതെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>1) മൈനർ ഇറിഗേഷൻ നിർവ്വചനം ഭേദഗതി ചെയ്തു. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം 50 ഹെക്ടർ വരെ ആയക്കെട്ടുള്ള മൈനർ ഇറിഗേഷൻ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാമായിരുന്നു. അത് 15 ഹെക്ടർ വരെ ആയി കുറവ് ചെയ്തു.<br>2) ഡിആർഡിഎ, ജില്ലാ പഞ്ചായത്തിൽ നിന്നും മാറ്റി സ്വതന്ത്ര ചുമതല ഇടക്കാലത്ത് നൽകിയെങ്കിലും ഇപ്പോൾ ഡിആർഡിഎ ജില്ലാ പഞ്ചായത്തുമായി സംയോജിപ്പിച്ചു. |
| (സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഏതെല്ലാം അധികാരങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അധികാരങ്ങൾ ഒന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 67 6/9/2007 -ൽ മറുപടിക്ക്

വ്യാജ ഡോക്ടർമാരെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ<br>" കെ.വി.അബ്ദുൾ ഖാദർ<br>" പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) വ്യാജ ഡോക്ടർമാരുടെ ചികിത്സ മൂലം അടുത്ത കാലത്തായി നിരവധി രോഗികൾ മരിക്കാനിടയായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) വ്യാജ ഡോക്ടർമാരുടെ ചികിത്സ മൂലം രോഗികൾ മരിക്കാനിടയായതു സംബന്ധിച്ച പരാതികളൊന്നും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) വ്യാജ ഡോക്ടർമാരെ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇതിനായി പുതിയ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;<br><br>(സി) വ്യാജ വൈദ്യൻമാരെയും നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും<br>വ്യാജ ഡോക്ടർമാരെയും വ്യാജ വൈദ്യന്മാരെയും കണ്ടു പിടിക്കുന്നതിന് സംവിധാനങ്ങളൊന്നും ആരോഗ്യവകുപ്പിൽ ഇപ്പോൾ നിലവിലില്ല. ആഭ്യന്തര വകുപ്പാണ് ഇത്തരം കേസുകളിൽ അന്വേഷണം നടത്തി നടപടികളെടുക്കുന്നത്. ആഭ്യന്തര വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് ആരോഗ്യ വകുപ്പും അന്വേഷണങ്ങളിൽ ഭാഗഭാക്കാകാറുണ്ട്. ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 68

06.09.2007-ൽ മറുപടിയ്ക്ക്.

## ഗ്രാമീണരുടെ ഉന്നമനത്തിന് പദ്ധതികൾ

ചോദ്യം

ശ്രീ. തോമസ് ചാഴിക്കാടൻ:
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.ജോസഫ് എം.പുതുശ്ശേരി:

(എ) ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്തുവാനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. ഗ്രാമപ്രദേശങ്ങളിൽ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ നിന്നും നൽകുന്ന തുക വിനിയോഗിച്ച് വിവിധതരം പ്രോജക്റ്റുകൾ നടപ്പിലാക്കിവരുന്നു.

2. ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(i) **സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)**- പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ii) സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ടുകൾ- സ്വയം തൊഴിൽ പദ്ധതിയിലൂടെ സമയബന്ധിതമായി ഒരു പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു നിശ്ചിത എണ്ണം കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്കുയർത്താൻ ലക്ഷ്യമിട്ടുകൊണ്ട് പ്രോജക്റ്റ് അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം നേടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

(iii) ഇന്ദിരാ ആവാസ് യോജന-ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഇതര വിഭാഗങ്ങളിൽപ്പെട്ടവർക്കും വീട് നിർമ്മിക്കുന്നതിന് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്.

(iv) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന-സ്ഥായിയായി നിലനിൽക്കുന്ന പൊതു ആസ്തികൾ സൃഷ്ടിക്കുക വഴി ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികൾക്ക് വേതനം ലഭിയ്ക്കുന്ന അധിക തൊഴിൽ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(v) സമ്പൂർണ്ണ ശുചിത്വ യജ്ഞം-കക്കൂസില്ലാത്ത ദാരിദ്ര്യരേഖയ്ക്ക്താഴെയുള്ള കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസ് നിർമ്മിച്ച് നൽകൽ, സ്കൂളുകൾ,അംഗൻവാടി/ബാലവാടികൾ ഇവയ്ക്കുള്ള കക്കൂസുകൾ, വനിതകൾക്കായിട്ടുള്ള സാനിട്ടറി കോംപ്ലക്സുകൾ, ഇവയുടെ നിർമ്മാണം, സാനിട്ടറി മാർട്ടുകളുടെ സംഘാടനം, ജനങ്ങളിൽ ശുചിത്വ അവബോധം വളർത്തൽ എന്നിവയാണ് ഈ പദ്ധ

തിയുടെ പ്രധാന ഉദ്ദേശങ്ങൾ.

(vi) **സംയോജിത തരിശുഭൂമി വികസന പരിപാടി/ഹരിയാലി**- തരിശായിമാറിക്കൊണ്ടിരിയ്ക്കുന്ന ഭൂവിഭാഗങ്ങളുടെ വർദ്ധന തടയാനും മണ്ണിന്റെ ഫലഭൂയിഷ്ടിയും, ജലലഭ്യതയും ഉറപ്പാക്കി കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും ലക്ഷ്യമിട്ട് 1989 മുതൽ നടപ്പിലാക്കിവന്ന പദ്ധതിയാണ് സംയോജിത തരിശുഭൂമി വികസന പരിപാടി. ഈ പദ്ധതിയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങളിൽ മതിയായ മാറ്റങ്ങളോടെ ' ഹരിയാലി ' എന്നപേരിൽ ഈ പദ്ധതി 2003 ഏപ്രിൽ 1 മുതൽ പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(vii) **പ്രധാനമന്ത്രി ഗ്രാമസഡക് യോജന** - ഗ്രാമപ്രദേശങ്ങളിൽ 500ലധികം ജനസംഖ്യയുള്ളതും റോഡുബന്ധമില്ലാത്തതുമായ ആവാസകേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ, റോഡുമായി ബന്ധപ്പെട്ടു കിടക്കുന്ന ഏതെങ്കിലും ആവാസ കേന്ദ്രവുമായോ ബന്ധപ്പെടുത്തുന്നതിന് റോഡ് നിർമ്മിക്കുന്ന പദ്ധതിയാണിത്.

(viii) **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**- അവിദഗ്ദ്ധ കായിക ജോലി ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണകുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് പാലക്കാട്, വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഈ പദ്ധതി

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. |
| (ബി) | സ്വയംപര്യാപ്തത, ദാരിദ്ര്യ നിർമ്മാർജ്ജനം, ആരോഗ്യസംരക്ഷണം, നിരക്ഷരതാ നിർമ്മാർജ്ജനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുവാൻ ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഉണ്ടോ;<br>വിശദമാക്കുമോ; | (ബി) | ഉണ്ട്. പദ്ധതികളുടെ പൊതുവായ മേൽനോട്ടം വഹിയ്ക്കുന്നതിന് സംസ്ഥാനതലത്തിൽ ഗ്രാമവികസന കമ്മീഷണറാഫീസും, പ്രധാനമന്ത്രി ഗ്രാമസഡക് യോജനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്പ്മെന്റ് ഏജൻസിയും, സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരളാ സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷനും പ്രവർത്തിയ്ക്കുന്നുണ്ട്. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്തുകളിൽ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ ഉദ്യോഗസ്ഥ സംവിധാനവും ഉണ്ട്. പ്രധാനമന്ത്രി ഗ്രാമസഡക് യോജന ഒഴികെയുള്ള പദ്ധതികളെല്ലാം തന്നെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (സി) | ഗ്രാമീണജനതയുടെ ജീവിത സുരക്ഷയും ഉയർച്ചയും ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുവാൻ തയ്യാറാകുമോ; | (സി) | നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഒരു ജില്ലാ പദ്ധതിയായി ക്രോഡീകരിക്കുന്നതിനും പതിനൊന്നാം പഞ്ചവത്സരപദ്ധതി പൂർണ്ണ രൂപത്തിൽ തയ്യാറാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഗ്രാമീണമേഖലയിൽ ഊർജ്ജസ്വലമായ പദ്ധതി നടത്തിപ്പിനാവശ്യമായ കേന്ദ്രസഹായം നേടിയെടുക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ഗ്രാമീണമേഖലയിൽ ഗ്രാമവികസന പദ്ധതികൾ ഊർജ്ജസ്വലമായി നടപ്പിലാക്കുന്നതിനും കേന്ദ്രസഹായം നേടിയെടുക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.<br>2. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൃത്യമായി അവലോകനം നടത്തിവരുന്നു. |

3. പ്രോജക്റ്റ് അടിസ്ഥാനത്തിൽ കേന്ദ്ര സഹായം ലഭ്യമാക്കുന്ന പദ്ധതികൾക്ക് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിദഗ്ദ്ധ ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
4. രണ്ടാം ഗഡു കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിയ്ക്കുന്നുണ്ടോ എന്ന കാര്യം കൃത്യമായി നിരീക്ഷിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

<table>
<tr><td colspan="2">നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69</td><td>06-09-2007 -ൽ മറുപടിയ്ക്ക്</td></tr>
<tr><td colspan="3">ഹോം നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ</td></tr>
<tr><td colspan="2">ചോദ്യം</td><td>ഉത്തരം</td></tr>
<tr><td colspan="2">ശ്രീമതി. പി. അയിഷാ പോറ്റി:<br>" കെ. കെ. ശൈലജ ടീച്ചർ:<br>" ജെ. അരുന്ധതി:<br>" കെ. എസ്. സലീഖ:<br>" കെ.കെ. ലതിക:</td><td>ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഹോം നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;</td><td>(എ) ഉണ്ട്</td></tr>
<tr><td>(ബി)</td><td>ഹോം നഴ്സുമാരെ ചൂഷണം ചെയ്യുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;</td><td>(ബി) ഉണ്ട്</td></tr>
<tr><td>(സി)</td><td>എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;</td><td rowspan="2">(സി) യും (ഡി) യും:<br>കേരളത്തിൽ ഹോം നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ ഒരു പഠനം നടത്തുകയും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നിയമസഭയുടെ അംഗീകാരത്തിനായി 10.12.2003ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഹോം നഴ്സ് സർവീസ് നടത്തുന്ന ഏജൻസികൾക്ക് പെരുമാറ്റച്ചട്ടം നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 70 — 6.9.2007-ൽ മറുപടിക്ക്

## മുല്ലപ്പെരിയാറിൽ പുതിയ ഡാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ജെ.ജോസഫ് :<br>ശ്രീ. വി. സുരേന്ദ്രൻപിള്ള :<br>ശ്രീ. മോൻസ് ജോസഫ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (എ) ഉണ്ട്. ജി.ഒ (എം.എസ്) നം.52/2007/ ജല.വിവ അനുസരിച്ച് മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം പണിയുന്നതിന് തീരുമാനിക്കുകയും, അനുബന്ധമായ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ ഐ.ഡി.ആർ.ബി വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സാധ്യതാ പഠനം നടത്തുന്നതിനും പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പര്യവേക്ഷണത്തിനുമായി എറണാകുളം മൈനർ ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷനെ കട്ടപ്പന എം.ഐ.ഡിവിഷനിലേയ്ക്ക് മാറ്റി. പ്രാരംഭ റിപ്പോർട്ട്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇക്കാര്യം തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഇല്ല. |
| (സി) മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ സ്ഥിതി വെളിപ്പെടുത്തുമോ ; | (സി) കേരളം പാസാക്കിയ "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ അമന്റ്മെന്റ് ആക്റ്റ്" ഭരണഘടനാവിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ O.S No:3/2006 ഫയൽ ചെയ്യുകയുണ്ടായി. 18.9.2006 ൽ കേരളം സുപ്രീം കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് 30.8.2007 ൽ ""Written statement " - ഉം, Counter affidavit to the supplementary affidavit filed by the state of Tamil Nadu" - ഉം കേരളം ഫയൽ ചെയ്തു. |

തുടർ വാദത്തിനായി കേസ് 27.9.2007 ലേക്ക് ലിസ്റ്റു ചെയ്തിരിക്കുകയാണ്.

(ഡി) പുതിയ ഡാം നിർമ്മിക്കുവാനുള്ള തീരുമാനം കോടതിയെ അറിയിച്ചിട്ടുണ്ടോ?

(ഡി) കേരളം സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Counter affidavit ൽ മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം feasible ആണെന്നും അത് തമിഴ്നാടിന്റെ നീതിപൂർവ്വകമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതോടൊപ്പം കേരളത്തിന്റെ ഉത്കണ്ഠകളെ അകറ്റുന്നതും ആയിരിക്കും എന്ന് പ്രസ്താവിച്ചി ട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 71 — 6 . 9 . 2007 ൽ മറുപടിക്ക്

## സമാന്തര സർവ്വീസ് നിരോധനം

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. ആർ സെൽവരാജ്<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സമാന്തര സർവ്വീസ് നിരോധിച്ചതിനെ തുടർന്ന് യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും.<br><br>തിരുവനന്തപുരം സിറ്റിയിൽ 10.8.2007 മുതൽ അനധികൃത സർവ്വീസുകൾക്ക് കർക്കശ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് മൂലം ആവശ്യത്തിന് യാത്രക്കാരില്ലാതെ ഓടിയിരുന്ന ട്രിപ്പുകളിൽ യാത്രക്കാർ കയറുന്നുണ്ട്. അന്നു മുതൽ തന്നെ കെ. എസ്. ആർ.ടി. സി. ശരാശരി 90 സർവ്വീസുകൾ ഈ മേഖലയിൽ കൂടുതലായി ഓടിക്കുന്നുണ്ട്. ഇക്കാരണത്താൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ സർവ്വീസ് നടത്താൻ കഴിയുന്നുണ്ട്. |
| സി) രാവിലെയും വൈകുന്നേരവും കൂടുതൽ കെ.എസ്. ആർ.ടി. സി. സർവ്വീസുകൾ നടത്തുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | സി) തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന രാവിലെയും വൈകുന്നേരവും കൂടുതൽ ഹ്രസ്വദൂര ട്രിപ്പുകൾ ഇപ്പോൾ ഓടിക്കുന്നുണ്ട്. ഈ സമയങ്ങളിൽ ഇനിയും കൂടുതൽ സർവ്വീസുകളോ, ട്രിപ്പുകളോ ആവശ്യമെന്നു കണ്ടാൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 72 — 6 . 9 . 2007 ൽ മറുപടിക്ക്

സമാന്തര സർവ്വീസ് നിയന്ത്രണ നടപടികൾ

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. എം. കെ. പ്രേംനാഥ്<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചു കൊണ്ടുള്ള നടപടികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം സിറ്റിയിൽ 10.8.2007 മുതൽ അനധികൃത സർവ്വീസുകൾക്ക് പരിപൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരത്തിലേക്ക് വരുന്ന അത്തരം സർവ്വീസുകൾ തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, കെ. എസ്. ആർ. ടി. സി.,എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരം പരിശോധനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. സി.എം.ഡി. കോർഡിനേറ്ററായും, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, സിറ്റി പോലീസ് കമ്മീഷണർ, അംഗങ്ങളുമായ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ നിയന്ത്രണം ഏർപ്പെടുത്തിയ എല്ലാ പ്രദേശങ്ങളിലും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി കെ.എസ്. ആർ.ടി.സി കൂടുതൽ സർവ്വീസുകൾ നടത്തുകയും എല്ലാ പ്രധാന ബസ് സ്റ്റോപ്പുകളിലും യാത്രക്കാരെ സഹായിക്കാനായി ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട് |
| ബി) സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചതുവഴി കെ. എസ്. ആർ. ടി. സി.ക്ക് ലഭിച്ച വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | ബി) തിരുവനന്തപുരം നഗരത്തിൽ 10-8-2007 മുതൽ കർക്കശമാക്കിയത് വഴി 31.8-.2007 വരെ ഒരു കോടി അറുപത്തിയൊന്ന് ലക്ഷം രൂപയുടെ അധിക വരുമാനം ലഭിക്കുക യുണ്ടായി. |

| | |
|---|---|
| സി) പൊതുജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | സി) പൊതുജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ഭാഗമായി കെ.എസ്. ആർ.ടി. സി. പുതിയ ബസ്സുകൾ സ്വന്തം വർക്ക്ഷോപ്പുകളിൽ നിർമ്മിച്ച് നിരത്തിലിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടക്കമായി ഇത്തരം 15 ബസ്സുകൾ 24.8.2007 ൽ നിരത്തിലിറക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-73 06-09-2007ൽ മറുപടി നൽകേണ്ടത്

### ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (ബഹു.തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ജനന-മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ജനന മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കാലോചിതമായി മാറ്റം വരുത്തുന്ന പ്രവർത്തനം നടപ്പാക്കി വരുന്നു. നിലവിൽ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 289 ഗ്രാമ പഞ്ചായത്തുകളിലും ജനന മരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളതും 14 രജിസ്ട്രേഷൻ യൂണിറ്റുകളിൽ ആശുപത്രികളിൽ നടക്കുന്ന ജനന മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം നടപ്പാക്കിയിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ രജിസ്ട്രേഷൻ യൂണിറ്റുകളിലും ജനനമരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർ വൽക്കരിക്കപ്പെടുന്നതാണ്. |

(ബി) ജനന സർട്ടിഫിക്കേറ്റിൽ പേര്, തീയതി എന്നിവ മാറ്റുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും തടസ്സങ്ങൾ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകുമോ?

(ബി) ജനനമരണ രജിസ്ട്രേഷനിൽ ചേർത്തിട്ടുള്ള പേരും ജനനത്തീയതിയും യഥേഷ്ടം മാറ്റം വരുത്തുന്നതിന് സാദ്ധ്യമല്ലാത്തതും മേൽപ്പറഞ്ഞ രേഖപ്പെടുത്തലുകളിൽ തെറ്റുണ്ടെങ്കിൽ ചട്ടങ്ങൾക്ക് അനുസൃതമായി തിരുത്തൽ വരുത്താവുന്നതുമാണ്. ചീഫ് രജിസ്ട്രാറുടെ അനുമതിയോടെ മാത്രമേ രജിസ്ട്രേഷനുകളിൽ കാര്യമായ തിരുത്തലുകൾ വരുത്തുവാൻ പാടുള്ളൂവെന്ന ചീഫ് രജിസ്ട്രാറുടെ സർക്കുലർ മുഖേനയുള്ള നിർദ്ദേശം മൂലമുണ്ടാകുന്ന കാലതാമസവും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഗണിച്ച് 1969-ലെ കേരള ജനനമരണ രജിസ്ട്രേഷൻ നിയമത്തിലെയും 1999-ലെ കേരള ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് 1.4.1970-നു ശേഷമുള്ള രജിസ്ട്രേഷനുകളിൽ തിരുത്തലിനായുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് രജിസ്ട്രാർമാർക്ക് വേണ്ട നിർദ്ദേശം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74 | 06.09.2007 ൽ മറുപടിക്ക് |

## സർക്കാർ ആശുപത്രികളിലെ സൗജന്യഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി കാർത്തികേയൻ<br>ശ്രീ. ബി. ബാബു പ്രസാദ്<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എല്ലാ രോഗികൾക്കും സൗജന്യ ഭക്ഷണം നൽകുന്നുണ്ടോ; | (എ) | എല്ലാ സർക്കാർ ആശുപത്രികളിലും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാ രോഗികൾക്കും സൗജന്യമായി ഭക്ഷണം നൽകിവരുന്നു. |
| (ബി) | സൗജന്യ ഭക്ഷണം പാവപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമായി ചുരുക്കുവാൻ ഉദ്ദേശമുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | ബാധകമല്ല |

Gopakumar
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75 — 6.9.2007 ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീ. സി.എം. ദിനേശ്മണി<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. വി.എൻ. വാസവൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണ്; | എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും, സർക്കാർ ആശുപത്രികളിൽനിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളായും സർവ്വേ സാമ്പിളായും ശേഖരിക്കുന്ന മരുന്നുകൾ തിരുവനന്തപുരത്തുള്ള സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നു. പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ഡ്രഗ്സ് കൺട്രോളറെയും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാരെയും അറിയിക്കുന്നു. തുടർന്ന് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വില്പനയും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. |
| ബി) എല്ലാ മരുന്നുകളും ഇഞ്ചക്ഷനുകളും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. മരുന്നുകളുടെ സാമ്പിളുകൾ മാർക്കറ്റിൽ നിന്നും റാൻഡമായി ശേഖരിച്ച് പരിശോധന നടത്തുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. |
| സി) പരിശോധനയ്ക്കായി എടുക്കുന്ന സാമ്പിളുകളുടെ റിസൾട്ട് ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) ഉണ്ട്. ഗുണനിലവാരത്തിൽ സംശയം തോന്നുന്ന മരുന്നുകൾ, പരാതിമൂലം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകൾ എന്നിവ 15 മുതൽ 30 ദിവസത്തിനുള്ളിലും റൂട്ടീൻ ആയി ശേഖരിക്കുന്ന സാമ്പിളുകൾ മൂന്ന് നാല് മാസത്തിനുള്ളിലും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയെ പരിഷ്കരിച്ച് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി |

| | |
|---|---|
| | കേന്ദ്രാവിഷ്കൃതപദ്ധതിയായ 'കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ടിൽ' ഉൾപ്പെടുത്തി 321 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായി വരുമ്പോൾ പരിശോധനാ ശേഷി ഇപ്പോഴുള്ള 4000-ൽ നിന്നും 7000 ആയി ഉയർത്തുവാനും പരിശോധനാ ഫലങ്ങൾ എത്രയും വേഗം നൽകുവാനും സാധിക്കുന്നതാണ്. |
| ഡി) പരിശോധനയ്ക്കായി എടുക്കുന്ന മരുന്നുകൾക്ക് വില നൽകുന്നുണ്ടോ; [illegible] ഇവ സൗജന്യമായി [illegible] നടപടി സ്വീകരിക്കുമോ; | ഡി) നിലവിലുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം പരിശോധനയ്ക്കെടുക്കുന്ന മരുന്നുകൾക്ക് വില നൽകേണ്ടതാണ്. |
| ഇ) ഗുണനിലവാരമില്ലാത്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷക്കാലം മരുന്ന് കമ്പനികൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ? | ഇ) 2006-ൽ 27 മരുന്ന് നിർമ്മാണ കമ്പനികൾക്കെതിരെ നിയമനടപടികൾ ആരംഭിക്കുകയും 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. 2007- ൽ ഇതുവരെയായി 14 കമ്പനികൾക്കെതിരെ നിയമനടപടികൾ ആരംഭിക്കുകയും 9 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 76

6.9.2007-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ക്ക് കൊറിയർ സർവ്വീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കെ.എസ്.ആർ.ടി.സി കൊറിയർ സർവ്വീസ് ആരംഭിക്കുന്നുണ്ടോ; | എ) കൊറിയർ സർവ്വീസ് ആരംഭിക്കാൻ ശ്രമിക്കുന്നുണ്ട്. സ്വന്തം കൊറിയർ സർവീസല്ല ഉദ്ദേശിക്കുന്നത്. കൊറിയർ നടത്തുന്ന സ്ഥാപനങ്ങൾക്ക് സ്ഥലസൗകര്യവും, ഗതാഗത സൗകര്യവുമൊരുക്കി കെ.എസ്.ആർ.ടി.സി ക്ക് സാമ്പത്തിക പ്രയോജനമുണ്ടാകുന്ന വിധത്തിൽ കൊറിയർ സൗകര്യം ഒരുക്കുകയാണ് ലക്ഷ്യമിടുന്നത്. |
| ബി) ഇതിനായി ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽനിന്നൊക്കെ ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ: | ബി) ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യിൽ നിന്നും നാളിതുവരെ 11 പേർ ടെണ്ടർ ഫോറം വാങ്ങിയിട്ടുണ്ടെങ്കിലും ആരുംതന്നെ ടെണ്ടർ മടക്കി നൽകിയിട്ടില്ല. 17.9.2007 വൈകുന്നേരം 3.30 വരെ ടെണ്ടർ സമർപ്പിക്കാവുന്നതാണ്. |
| സി) കോർപ്പറേഷൻ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ടോ; | സി) നാളിതുവരെ ഒരു കരാറിലും ഒപ്പുവച്ചിട്ടില്ല. |
| ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഒപ്പുവെക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) 2007 ഒക്ടോബർ മാസത്തിൽ കരാറിൽ ഒപ്പുവെയ്ക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 77 | 6--09--2007-ൽ വാങ്മൂലം മറുപടി നൽകേണ്ടത് |

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജെ. തങ്കപ്പൻ<br>,, ആനത്തലവട്ടം ആനന്ദൻ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, വി. ചെന്താമരാക്ഷൻ<br>,, കെ. കുഞ്ഞിരാമൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞവർഷം പദ്ധതി വിഹിതമായി എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ; | (ബി) 1400 കോടി രൂപ പദ്ധതി വിഹിതത്തിൽ 1216.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (87 ശതമാനം) |
| (സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ വീഴ്ച വരുത്തിയതായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാമ്പത്തിക ലക്ഷ്യ പൂർത്തീകരണം ആശാവഹമായിരുന്നില്ല എന്ന് 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |

1. പ്രധാന മന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി
2. സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന
3. ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതി
4. വാത്മീകി അംബേദ്കർ ഭവന പദ്ധതി

ഈ നാലു പദ്ധതികൾക്കായി 217.43 കോടി രൂപ ലഭ്യമായതിൽ ധനവിനിയോഗം 107.65 കോടി രൂപ (49.51 ശതമാനം) മാത്രമായിരുന്നുവെന്നും വാത്മീകി അംബേദ്കർ ഭവന പദ്ധതിയുടെ നടത്തിപ്പ് ഏറ്റവും ശോചനീയമായിരുന്നുവെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(ഡി) ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) 1. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും കൃത്യമായി അവലോകനം നടത്തി വരുന്നു.

2. രണ്ടാം ഗഡു കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ യഥാസമയം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നുണ്ടോ എന്ന കാര്യം കൃത്യമായി നിരീക്ഷിച്ചു വരുന്നു.

3. പ്രധാന മന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയുടെ ധനവിനിയോഗം മെച്ചപ്പെടുത്തുന്നതിന് ജില്ലകൾക്ക് മാസ, ത്രൈമാസ ലക്ഷ്യം നൽകുകയും ലക്ഷ്യം നേടുന്നുണ്ടോ എന്ന് അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ കൂടുതൽ പ്രോജക്റ്റുകൾ തയ്യാറാക്കി

കേന്ദ്രാനുമതി നേടിയിട്ടുണ്ട്. റോഡ് നിർമ്മിക്കുന്ന സ്ഥലത്തെ യൂട്ടിലിറ്റീസ് മാറ്റുന്നതിന് വരുന്ന കാലതാമസം ഈ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് ഡി. ആർ. ഡി. എ. പഞ്ചായത്ത് സംയോജനം നടത്തി സംയുക്ത പ്രവർത്തന രീതി അവലംബിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 78 — 6.9.2007 ൽ മറുപടിക്ക്

**സുജല പദ്ധതി**

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. ബാബുപോൾ
ശ്രീ. കെ. രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

എ. സംസ്ഥാനത്ത് സുജല പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

എ. സംസ്ഥാനത്ത് 'സുജല' പദ്ധതി നടപ്പിലാക്കി വരുന്നു. നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യ ജല സുരക്ഷാ പദ്ധതി എന്ന പേരിലാണ് പരിപാടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നത്. എന്നാൽ ഇത് കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ പേര് *'സുജല - ജല സുരക്ഷയ്ക്കൊരു ജനകീയ പദ്ധതി'* എന്ന് പുനർനാമകരണം ചെയ്താണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

* ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക വഴി ഗ്രാമീണ ജനതയുടെ ആരോഗ്യം സംരക്ഷിക്കുക
* ജനങ്ങൾ തന്നെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.
* ജലത്തിന്റെ ഗുണനിലവാര പരിശോധനാ - നിരീക്ഷണ സംവിധാനങ്ങൾ വികേന്ദ്രീകരിക്കുക
* ഗ്രാമീണ മേഖലയിലെ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയിലും, പ്രതിരോധ-പരിഹാര നടപടികളിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ നേതൃത്വവും, ജനപങ്കാളിത്തവും ഉറപ്പാക്കുക
* വ്യാപകമായ പ്രചരണ-ബോധവത്ക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ

— —

ബി. ഗ്രാമീണ മേഖലയിൽ കുടിവെള്ളത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ബി. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ശുദ്ധീകരണശാലകളിലും ലബോറട്ടറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ ലബോറട്ടറികളും അവയുടെ മേൽനോട്ടം വഹിക്കുന്നതിനായി ആറ് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ആഫീസുകളും നിലവിലുണ്ട് . ഈ സബ് ഡിവിഷൻ ആഫീസുകളുടെ മേൽനോട്ടം തിരുവനന്തപുരം, ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ നിർവ്വഹിക്കുന്നു.

കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധീകരണശാലയിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ലാബുകളിൽ ദിനംപ്രതി പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്താറുണ്ട്. കൂടാതെ എല്ലാ ശുദ്ധജലവിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ വിവിധ പരിശോധനകൾക്ക് (ഭൗതികം, രാസികം, ജൈവികം) വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

ഏതെങ്കിലും പ്രദേശങ്ങളിൽ കുടിവെള്ളം മൂലം പകർച്ചവ്യാധികളുണ്ടാവുകയാണെങ്കിൽ അതതു പ്രദേശങ്ങളിലെ ജലവിതരണം നിർവ്വഹിക്കുന്ന ജല അതോറിറ്റി ഉദ്യോഗസ്ഥർ വിവരം അതാത് ജില്ലയിൽ പ്രവർത്തിക്കുന്ന ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ അറിയിക്കുകയും ഉടൻതന്നെ ആ പ്രദേശങ്ങളിൽ നിന്നും കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

ഇതിനു പുറമെ സ്വകാര്യ വ്യക്തികളുടെ കിണറുകളിലെ ജലം ഉപയോഗ യോഗ്യമാണോ എന്നറിയുന്നതിനായി ആ വ്യക്തികൾ പരിശോധിക്കേണ്ട ജലത്തിന്റെ സാമ്പിളുകൾ ജല അതോറിറ്റിയുടെ ജില്ലാതല ലാബുകളിൽ എത്തിക്കുകയും പരിശോധന ഫീസ് അടക്കുകയും ചെയ്താൽ പരിശോധന നടത്തി ജലം ഉപയോഗയോഗ്യമാണോ എന്നറിയാവുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനം. 79 — 06.09.2007 ൽ മറുപടിക്ക്

### പ്ലാസ്റ്റിക് നിയന്ത്രണവും മാലിന്യ നിർമാർജ്ജനവും

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | പ്ലാസ്റ്റിക് നിയന്ത്രണം കർശനമായ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം അടിസ്ഥാനമാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2003 സെപ്റ്റംബർ 12-ാം തിയതിയിലെ PCB/TAC/115/97 ഉത്തരവ് പ്രകാരം 30 മൈക്രോണിൽ താഴെ വരുന്ന കവർ, ക്യാരിബാഗ് മറ്റ് പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവയുടെ ഉത്പാദനം, കടത്തിക്കൊണ്ടുപോകൽ, ശേഖരിക്കൽ, വിൽപ്പന, ഉപഭോഗം എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇതിന് വീഴ്ച വരുത്തുന്നവരെ 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം സെക്ഷൻ 15(1) അനുസരിച്ച് പരമാവധി 5 വർഷം വരെ ജയിൽശിക്ഷയും, ഒരു ലക്ഷം രൂപ വരെ പിഴയും, രണ്ടുംകൂടിയോ ഒരുമിച്ചോ നൽകാവുന്നതാണ്. ഈ പ്രവൃത്തി തുടർന്നാൽ ഓരോ അധിക ദിവസത്തിന് 5000 രൂപ നിരക്കിൽ പിഴ ഈടാക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.<br><br>ടി നിരോധനം ഫലവത്തായി നടപ്പിലാക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്. നിയമത്തിന് വിരുദ്ധമായിട്ടുള്ള പ്രവർത്തികൾ ബോർഡിൽ അറിയിക്കേണ്ടതും, സ്ഥാപനങ്ങളാണ് നിയമലംഘനം നടത്തുന്നതെങ്കിൽ അവയുടെ വൈദ്യുത കണക്ഷൻ വിച്ഛേദിക്കേണ്ടതും, നിയമം അനുശാസിക്കും വിധമുള്ള നിയമ നടപടികൾ എടുക്കേണ്ടതുമാണ്.<br><br>കേരളത്തിൽ നാളിതുവരെ മേൽപ്പറഞ്ഞ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. എന്നാൽ ഈ സെപ്റ്റംബർ |

| | | |
|---|---|---|
| | | ഒന്നാം തിയതി മുതൽ കേരളത്തിൽ കാര്യക്ഷമമായി നിരോധനം നടപ്പിലാക്കാൻ സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഉത്തരവ് നടപ്പിലാക്കേണ്ടതിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആരോഗ്യ വകുപ്പിനുമാണ്. നിരോധിച്ച പ്ലാസ്റ്റിക് സാധനങ്ങൾ വിൽപ്പന നടത്തുന്ന കടകളുടെ ലൈസൻസ് റദ്ദാക്കി പിഴ ഈടാക്കും. 2006 ഡിസംബർ 16-ാം തീയ്യതി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 50 മൈക്രോൺ വരെ കനമുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമാണവും ഗതാഗതവും വിൽപനയും ഉപഭോഗവും നിരോധിച്ചുകൊണ്ടു ഉത്തരവായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ ഉത്തരവ് താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ടി. സ്റ്റേ നീക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | **ആശുപത്രികളിലും മറ്റും മാലിന്യ നിർമ്മാർജ്ജനത്തിനും മാലിന്യ സംസ്കരണത്തിനും സംവിധാനം ഏർപ്പെടുത്തുമോ?** | ആശുപത്രികളിലെ മാലിന്യവും മുനിസിപ്പൽ ഖരമാലിന്യത്തിന് സമാനമായിട്ടുള്ളതാണ്. ഇവ തരംതിരിച്ച് നഗരസഭയുടെ ശേഖരണ സംവിധാനത്തിന് കൈമാറുന്നതാണ്. അവശേഷിക്കുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരണം നടത്തേണ്ടത് അതാത് സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു. സ്വന്തമായോ ഇത്തരം സ്ഥാപനങ്ങൾ ഒരുക്കുന്ന ഒരു പൊതു സംവിധാനമോ ഇതിനായി പ്രയോജനപ്പെടുത്താം. കേരളത്തിൽ പാലക്കാട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ' ഇമേജ് ' എന്ന പേരിൽ ഒരു പ്ലാന്റ് നിലവിലുണ്ട്. കേരളത്തിലെ പല ആശുപത്രികളിൽ നിന്നും ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ഇവിടെ കൊണ്ടുവന്ന് സംസ്കരിക്കുന്നു. ഈ സംവിധാനത്തിൽ ചില സർക്കാർ ആരോഗ്യ കേന്ദ്രങ്ങളും ചേർന്നിട്ടുണ്ട്. |
| (സി) | **ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുമോ?** | ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം സർക്കാർ ക്ലീൻ കേരള മിഷൻ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയോജിത ഖരമാലിന്യ പരിപാലന |

| | | |
|---|---|---|
| | | സംവിധാനം രൂപപ്പെടുത്താനാണ് സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും നൽകിവരുന്നത്. |
| (ഡി) | **പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?** | മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലല്ലാതെ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പഞ്ചായത്ത് രാജ് ആക്ട് 219 എസ്സ് വകുപ്പുകൾ പ്രകാരവും, 1994 ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2)ാം വകുപ്പ് പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെയോ, നിക്ഷേപിക്കുവാൻ കാരണമാകുന്നവരെയോ അപ്പോൾ തന്നെ 250 രൂപ വരെ പിഴ ഈടാക്കാൻ മുനിസിപ്പൽ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ കൈക്കൊള്ളേണ്ടതിനുള്ള അധികാരം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.80 — 06.09.2007-ൽ മറുപടിയ്ക്ക്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എം. മോനായി<br>ശ്രീ.എം. ഹംസ<br>ശ്രീ.ജോർജ്ജ് എം. തോമസ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എം.കെ. പുരുഷോത്തമൻ | | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) | പതിനൊന്നാം പദ്ധതി കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. 24.07.2007-ലെ സ.ഉ.(എം.എസ്.) 183/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പദ്ധതികൾക്കാണ് സബ്സിഡി നൽകുന്നത് ; | (ബി) | കൃഷി, മൃഗസംരക്ഷണം, മണ്ണു സംരക്ഷണം, മത്സ്യബന്ധനം, ശുദ്ധജലവിതരണം, ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം, സഹകരണ മേഖല, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള സബ്സിഡി, അക്ഷയ പ്രോഗ്രാം, സെറികൾച്ചർ മുതലായവയ്ക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. |
| (സി) | ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങളിൽ എന്തെങ്കിലും നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (സി) | ഇല്ല. |
| (ഡി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി സുതാര്യമാക്കുമോ? | (ഡി) | നിലവിൽ ഗ്രാമസഭ വഴി സുതാര്യമായാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 81 6/9/2007 -ൽ മറുപടിക്ക്

പകർച്ചപ്പനിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ശിവൻകുട്ടി<br>" എം.പ്രകാശൻ മാസ്റ്റർ<br>" ബി.രാഘവൻ<br>" രാജു എബ്രഹാം<br>" വി.എൻ.വാസവൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
